(സി) സംവരണ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ ജൂനിയർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേഴ്സിനെ ഇപ്രകാരം ഗവൺമെൻറ് നിയമിച്ചത്;

(ഡി) അങ്ങനെയെങ്കിൽ ഉടനെ ഇവരെ സർവീസിൽ അബ്സോർബ് ചെയ്യുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് എഞ്ചിനീയറിംഗ് ബിരുദധാരികളെ ട്രെയിനിങ്ങിനായി സെലക്ട്ചെയ്തത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴിയായിരുന്നു. എന്നാൽ ചില ഡിപ്പാർട്ടുമെൻറുകളിൽ ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് ട്രെയിനിങ്ങിനായി സെലക്ട്ചെയ്തത് പബ്ലിക് സർവീസ് കമ്മീഷൻവഴിയാണ്. അപ്രകാരം പബ്ലിക് സർവീസ് കമ്മീഷൻ വഴി സെലക്ട്ചെയ്ത ട്രെയിനികളെയാണ് അതാത് ഡിപ്പാർട്ടുമെൻറുകളിൽ സ്ഥിരപ്പെടുത്തിയത്.

(സി) ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾവഴി ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ ട്രെയിനിംഗിനായി സെലക്ട് ചെയ്തപ്പോൾ സംവരണവ്യവസ്ഥകൾ പാലിച്ചിരുന്നു.

(ഡി) ഇവരെ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികൾക്കുള്ള രോഗപ്രതിരോധ പദ്ധതി

67 [105] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കുള്ള രോഗപ്രതിരോധ നടപടി ഇതിനോടകം എത്ര ബ്ലോക്കുകളിൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്;

(ബി) 1979–80 വർഷത്തിൽ എത്ര ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ, ബി) കഴിഞ്ഞവർഷം (1978–79) 11 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 33 ബ്ലോക്കുകളിൽ കുട്ടികൾക്കുള്ള രോഗപ്രതിരോധ പദ്ധതി പ്രവർത്തനം ആരംഭിച്ചു. ഇക്കൊല്ലം (1979–80) ഈ പദ്ധതി മേൽപറഞ്ഞ 33 ബ്ലോക്കുകളിൽ തുടരുന്നതിനുപുറമേ കൂടുതലായി 33 ബ്ലോക്കുകളിൽ കൂടി വ്യാപിപ്പിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്.

ആരോഗ്യവകുപ്പിലെ പെരുമാറ്റച്ചട്ടം

68 [106] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly